LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. കെ. എം. അയ്യപ്പന്റെ ഭാര്യ ശ്രീമതി സിന്ധു പി. എസ്.-ന്റെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ പരിശോധിക്കുകയും ടിയാൾക്ക് എൽ.ഡി.സി. തസ്തികയിൽ നിയമനത്തിന് യോഗ്യതയുണ്ടെന്ന് കണ്ടതിനാൽ അപേക്ഷാ തീയതിയുടെ (24-4-2014) അടിസ്ഥാനത്തിൽ ഒഴിവ് നിർണ്ണയിക്കുന്നതിന് പ്രൊഫോർമ വിവരങ്ങൾ പൊതുഭരണ (സി.ഇ. സെൽ) വകുപ്പിന് കൈമാറിയിട്ടുണ്ട്. സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരേതൻ ജോലി ചെയ്തിരുന്ന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം

148 (4483) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര എച്ച്.എസ്., ഗവ. ബോയ്സ് എച്ച്. എസ്., കായംകുളം, സി.എം.എസ്.- എച്ച്.എസ്. കറ്റാനം, പഞ്ചായത്ത് എച്ച്. എസ്. പത്തിയൂർ എന്നിവിടങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി തുടങ്ങുന്നതിനുള്ള നിർദ്ദിഷ്ട വ്യവസ്ഥകൾ പാലിക്കുകയും പദ്ധതിയുടെ ജില്ലാ-സംസ്ഥാന ഉപദേശക സമിതി പ്രസ്തുത സ്കൂളുകളിൽ യൂണിറ്റ് അനുവദിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത സ്കൂളുകളിൽ സ്റ്റുഡന്റ് കേഡറ്റ് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ശ്രീനാരായണ ഗുരുമന്ദിരം ആക്രമണം

149 (4484) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല മുത്താനയിലെ ശ്രീനാരായണ ഗുരു മന്ദിരം 2014 സെപ്തംബർ 21 ഞായറാഴ്ച അടിച്ച് തകർക്കപ്പെട്ട സംഭവത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിന് ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, അന്വേഷണ സംഘത്തിൽ ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ട് ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത അക്രമവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകൾ മുഖ്യമന്ത്രി/ആഭ്യന്തരമന്ത്രി/പോലീസ് മേധാവി എന്നിവർക്ക് നിവേദനം നൽകിയിട്ടുണ്ട്, പ്രസ്തുത ആവശ്യത്തിന്മേൽ എന്ത് നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) മേൽ ആക്രമസംഭവങ്ങളുടെ സാഹചര്യത്തിൽ അത്തരത്തിലുള്ള അതിക്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണ സംഘത്തിൽ ആറ്റിങ്ങൽ ഡിവൈ.എസ്.പി. ശ്രീ. പ്രതാപൻ നായർ, വർക്കല ഇൻസ്പെക്ടർ ശ്രീ. ആർ. വിനോദ്കുമാർ, വർക്കല പോലീസ് സ്റ്റേഷൻ എസ്.ഐ. ശ്രീ. എം. യഹിയ, കല്ലമ്പലം പോലീസ് സ്റ്റേഷൻ എ.എസ്.ഐ. ശ്രീ. മുഹമ്മദ് ഇല്യാസ്, കല്ലമ്പലം പോലീസ് സ്റ്റേഷൻ എസ്.സി.പി.ഒ. ശ്രീ. വിജയകുമാർ, കല്ലമ്പലം പോലീസ് സ്റ്റേഷൻ എസ്.സി.പി.ഒ. ശ്രീ. രാധാകൃഷ്ണൻ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) ശ്രീ. വർക്കല കഹാർ, എം.എൽ.എ. സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി കേസിന്റെ അന്വേഷണം തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറിക്കൊണ്ട് ജില്ലാ പോലീസ് മേധാവി ഉത്തരവായിട്ടുണ്ട്.

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ പോലീസ് പട്രോളിംഗും രഹസ്യ നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്.

തടവുകാരെ നിരീക്ഷിക്കുന്നതിന് സി.സി.ടി.വി. ക്യാമറകൾ

150 (4485) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടവുകാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി സെല്ലുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly